29-10-2022

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**


**Chief Editor : Suraj S.** **Editor : Dr. Saritha Vijayan K.**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-29/10/2022.

1. തൃശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്കിൽ നടന്നുവരുന്ന കൃഷിവകുപ്പ് മന്ത്രിയും ഉദ്യോഗസ്ഥരും കർഷകരോട് സംവദിക്കുകയും, പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി പരിഹാരം കാണുകയും ചെയ്യുന്ന പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞം എന്ന ആദ്യ കൃഷിദർശൻ പരിപാടിക്ക് ഇന്ന് സമാപനമാകും. ഇതിനോടനുബന്ധിച്ച് ഉച്ചയ്ക്ക് 3.30-ന് ഒല്ലൂക്കര സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഓഡിറ്റോറിയത്തിനു സമീപത്തു നിന്നും കൃഷിക്കൂട്ടങ്ങളുടെ കാർഷിക ഘോഷയാത്ര ആരംഭിക്കുകയും മണ്ണുത്തി വെറ്ററിനറി കോളേജ് ഗ്രൗണ്ടിൽ സമാപിക്കുകയും ചെയ്യുന്നു. വൈകുന്നേരം 5 മണിക്ക് നടക്കുന്ന പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനം റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ. രാജന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിക്കും. ബ്ലോക്കിലെ മാതൃകാ ഹരിത പോഷക ഗ്രാമ പ്രഖ്യാപനം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദുവും ബ്ലോക്കിലെ സ്മാർട്ട് കൃഷിഭവൻ പ്രഖ്യാപനം പട്ടികജാതി വികസന വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണനും നിർവ്വഹിക്കും.

2. ചേർത്തല സൗത്ത് കൃഷിഭവനിൽ ഒരു കോടി ഫലവൃക്ഷ തൈകളുടെ ഭാഗമായുള്ള ലെയർ പേര, ബഡ് മാവ്, ലെയർ ചെറി, റോസ് ആപ്പിൾ എന്നിവ കൃഷിഭവനിൽ വിതരണത്തിന് എത്തിയിട്ടുണ്ട്. കർഷകർക്ക് ഗുണഭോക്തൃ വിഹിതം അടച്ച് കൈപ്പറ്റാവുന്നതാണെന്ന് കൃഷി ഓഫീസർ അറിയിച്ചു. ആകെ എത്തിയിരിക്കുന്നത് 170 എണ്ണം ആണ്.

3. കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിലെ കോളേജുകളായ മണ്ണുത്തി ക്യാമ്പസിലെ വർഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജിയിലും പൂക്കോട്, തിരുവനന്തപുരം, കോലാഹലമേട് ക്യാമ്പസുകളിലെ കോളേജ് ഓഫ് ഡയറി സയൻസസ് & ടെക്നോളജികളിലും ആയി നിലവിൽ ബി.ടെക് (ഡയറി ടെക്നോളജി) കോഴ്സിന് 13 സീറ്റുകളും ബി.ടെക് (ഫുഡ്ടെക്നോളജി) കോഴ്സിന് 2 സീറ്റുകളും ഒഴിവുണ്ട്. ഈ ഒഴിവുകൾ നികത്തുന്നതിനായി ഈ മാസം 31-ന് (31/10/2022) രാവിലെ 11 മണിക്ക് വയനാട് ജില്ലയിലെ പൂക്കോട് സ്ഥിതി ചെയ്യുന്ന സർവ്വകലാശാല ഹെഡ്ക്വാർട്ടേഴ്സിൽ വെച്ച് കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ച്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. പ്രവേശന പരീക്ഷ കമ്മിഷണർ പ്രസിദ്ധപ്പെടുത്തിയ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെയാണ് പരിഗണിക്കുക. താൽപര്യമുള്ള വിദ്യാർത്ഥികൾ അക്കാദമിക് യോഗ്യതയും മറ്റു യോഗ്യതകളും തെളിയിക്കുന്നതിനായി KEAM 2022 അപേക്ഷയോടൊപ്പം സമർപ്പിച്ച സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം അന്നേ ദിവസം ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് സർവകലാശാലയുടെ വെബ്സൈറ്റ് ആയ www.kvasu.ac.in ലെ വിജ്ഞാപനം കാണുക. കൂടുതൽ വിവരങ്ങൾക്ക് **04936 209272** എന്ന ഫോൺ നമ്പരിൽ ഓഫീസ് സമയത്ത് ബന്ധപ്പെടുക.

4. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുവാനായി ബുക്കിംഗ് സ്വീകരിക്കുന്നു. 130 രൂപ നിരക്കിൽ വിതരണം ചെയ്യുന്ന മുട്ടക്കോഴി കുഞ്ഞുങ്ങളെ ആവശ്യമുള്ളവർ **0479 2959268, 2449268, 9447790258** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേരും ഫോൺ നമ്പറും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ് .

5. ചേർത്തല കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിലുള്ള കഞ്ഞിക്കുഴി, ചേർത്തല തെക്ക്, മാരാരിക്കുളം വടക്ക്, കടക്കരപ്പള്ളി, മുഹമ്മ, തണ്ണീർമുക്കം, ചേർത്തല മുൻസിപ്പാലിറ്റി എന്നീ കൃഷിഭവനുകളിൽ ഇന്റേൺഷിപ്പിനായി അപേക്ഷ ക്ഷണിക്കുന്നു. 2022 ഓഗസ്റ്റ് ഒന്നിന് 18 നും 41 നും പ്രായമുള്ള വിഎച്ച്എസ്ഇ (അഗ്രികൾച്ചർ), ഡിപ്ലോമ ഇൻ അഗ്രികൾച്ചർ/ജൈവകൃഷി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകരിൽ നിന്ന് യോഗ്യതയുള്ളവരെ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കും. അപേക്ഷാഫോറം പ്രവൃത്തി ദിവസങ്ങളിൽ കൃഷിഭവനുകളിൽ നിന്നും ലഭിക്കും. അപേക്ഷ, യോഗ്യത, വയസ്സ് എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രത്തിന്റെ പകർപ്പ് സഹിതം ചേർത്തല സിവിൽ സ്റ്റേഷനിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ ഈ മാസം 31-ന് (ഒക്ടോബർ 31) മുൻപ് സമർപ്പിക്കേണ്ടതാണ്.

### പരിശീലന പരിപാടികൾ

6. പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഇന്ന് (ഒക്ടോബർ 29) രാവിലെ 10 മണി മുതൽ ചക്കക്കുരുസംസ്കരണവും അതിൽ നിന്നുള്ള ബേക്കറി ഉൽപ്പന്നങ്ങളുടെ പരിശീലനവും

നടത്തപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **8078572094** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക. ARYA പദ്ധതിയിൻ കീഴിൽ നടത്തുന്ന പരിശീലനമായതിനാൽ 35 വയസ്സിൽ താഴെയുള്ളവർക്കാണ് പങ്കെടുക്കുവാൻ സാധിക്കുന്നത്.

7. വെള്ളാനിക്കര സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നവംബർ 02-ന് **കൈതച്ചക്കയുടെ ശാസ്ത്രീയ കൃഷിരീതിയും സംസ്കരണവും** എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ https://forms.gle/bto98kbDS9u93rKe7 എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ചെയ്യേണ്ട അവസാന തീയതി ഈ മാസം 30 (ഒക്ടോബർ 30).

8. കേരള കാർഷിക സർവ്വകലാശാലയും ICAR-സെൻട്രൽ ഇൻസ്റ്റിറ്റൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയും സംയുക്തമായി നവംബർ മാസത്തിൽ **മീൻ വളർത്തൽ, മീൻ പിടുത്തത്തിലെ നൂതന സാങ്കേതിക വിദ്യകൾ, മീൻ അധിഷ്ഠിത മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ** എന്നിവയിൽ കൃഷിവിജ്ഞാനകേന്ദ്രം പട്ടാമ്പിയിൽ വെച്ച് സൗജന്യമായി പരിശീലനം നൽകുന്നു. ജില്ലയിലെ പട്ടികജാതി – പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുമാത്രമാണ് സൗജന്യപരിശീലനം. പ്രായോഗിക പരിശീലനവും അനുബന്ധ ഫീൽഡ് സന്ദർശനവും ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. താൽപ്പര്യമുള്ളവർ **6282937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

9. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നവംബർ 10,11 തീയതികളിൽ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരസംഘം ഭരണസമിതി അംഗങ്ങൾക്കായി പരിശീലനം സംഘടിപ്പിക്കുന്നു. പ്രവേശന ഫീസ് 20 രൂപ. ആധാർ കാർഡിന്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ളവർ നവംബർ 01-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി dd-dtc-kkd.dairy@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലോ, **0495-2414579** എന്ന ഫോൺ നമ്പരിലോ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.